**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **19-01-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഇരുപത് കോടി രൂപയുടെ ലൈഫ് മിഷൻ പദ്ധതിയും ആശുപത്രി നിർമ്മാണവും ലഭിക്കുന്നതിന് 4.35 കോടി രൂപ കോഴയായി നൽകേണ്ടി വന്നു എന്ന് നിർമ്മാണമേറ്റെടുത്ത യൂണിടാക്ക് ബിൽഡേഴ്സ് എൻഫോഴ്സ്മെന്റിന് മൊഴി നൽകിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | പത്ര-ദൃശ്യ മാധ്യമങ്ങളിലെ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ധാരണാപത്രം ഒപ്പിട്ടശേഷം ലൈഫ് മിഷൻ സി.ഇ.ഒ.യും റെഡ്ക്രസന്റ് സെക്രട്ടറിയുമായി നടത്തിയ കത്തിടപാടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക കൺസൾട്ടൻസി ഏജൻസിയും സംസ്ഥാന സർക്കാരുമായിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നോ; | (ബി) | പദ്ധതിയുടെ ധാരണാപത്രം ഒപ്പിട്ടശേഷം ലൈഫ് മിഷൻ സി.ഇ.ഒ.യും റെഡ്ക്രസൻറ് സെക്രട്ടറിയുമായി നടത്തിയ കത്തിടപാടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക്മേൽനോട്ടം വഹിക്കുക കൺസൾട്ടൻസി ഏജൻസിയും സംസ്ഥാന സർക്കാരുമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. അത്തരത്തിൽ യാതൊരുവിധ കത്തിടപാടുകളും നടന്നിട്ടില്ല. |
| (സി) | യൂണിടാക്കുമായി സർക്കാരിനോ ലൈഫ് മിഷനോ യാതൊരു ബന്ധവുമില്ല എന്ന സർക്കാർ വാദത്തെ ഇവയൊക്കെ അപ്രസക്തമാക്കി എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | ഇല്ല. യൂണിടാക്കും റെഡ് ക്രസൻറുമായുണ്ടാക്കിയ കരാറിൽ സർക്കാരോ ലൈഫ് മിഷനോ കക്ഷിയല്ല. റെഡ് ക്രസൻറ് നിർമ്മാണ ഏജൻസിയെ തെരഞ്ഞെടുത്തതിൽ സർക്കാരിനോ ലൈഫ് മിഷനോ പങ്കില്ല. |

സെക്ഷൻ ഓഫീസർ